വാർത്താക്കുറിപ്പ്

2026 സെപ്റ്റംബർ 15

ഡ്രോൺ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിൽ മൂന്നു മാസത്തെ ഡ്രോൺ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഒക്ടോബർ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇൻഡസ്ട്രി ഇന്റേൺഷിപ്പ് ഉൾപ്പെടുന്ന കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡി.ജി.സി.എ. സ്മോൾ ക്ലാസ്സ് ഡ്രോൺ പൈലറ്റ് ലൈസൻസ് ലഭിക്കും. 18-നും 60-നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക്: ses.mgu.ac.in ഫോൺ: +91 6282448585.
പി.ആർ.ഒ/832/2026

പാലിയേറ്റീവ് പരിചരണം: ഡിപ്ലോമ കോഴ്സിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിൽ ആറുമാസത്തെ പാലിയേറ്റീവ് പരിചരണം ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് 2 യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധിയില്ല. അവസാന തീയതി സെപ്റ്റംബർ 22.
വിശദവിവരങ്ങൾക്ക്: iucds.mgu.ac.in.
പി.ആർ.ഒ/833/2026

സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസബിലിറ്റി സ്റ്റഡീസ് കോഴ്സിൽ ഒരു സീറ്റിലേക്ക് സെപ്റ്റംബർ 17ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി അന്ന് രാവിലെ 10.30-ന് സർവകലാശാലാ ക്യാമ്പസിലുള്ള ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.
—------
മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും

സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 50% മാർക്കോടെ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. സംവരണ വിഭാഗങ്ങൾക്ക് നിയമപരമായ ഇളവുണ്ട്. താല്പര്യമുള്ള വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സെപ്റ്റംബർ 17 വ്യാഴാഴ്ച ഉച്ചയ്ക്ക് 3:00 മണിക്ക് മുൻപായി സർവകലാശാലാ ക്യാമ്പസിലുള്ള സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 9496322062, 0481-2733374.
പി.ആർ.ഒ/834/2026

പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2025 അഡ്മിഷൻ റഗുലർ, 2022-2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഓഗസ്റ്റ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 7ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
പി.ആർ.ഒ/835/2026

പബ്ലിക് റിലേഷൻസ് ഓഫീസർ